**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1378** — **14-03-2022 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് യോഗ്യതാ പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അദ്ധ്യാപക തസ്തികയിലേയ്ക്ക് കെ-ടെറ്റ് യോഗ്യത പി.എസ്.സി. നിർബന്ധമാക്കിയത് 30-08-2016 ആണെന്നിരിക്കെ 2013 മുതൽ എയ്ഡഡ് മേഖലയിലുള്ള അദ്ധ്യാപകർക്ക് പ്രസ്തുത യോഗ്യത നിർബന്ധമാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രണ്ട് മേഖലയിലുള്ളവർക്കും 2016 ആയി ഏകീകരിക്കാൻ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; | (എ) | ഉണ്ട്. 04/02/2021 ലെ സ.ഉ(സാധാ)നം.1123/2021/പൊ.വി.വ യിലെ നിരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമില്ല എന്ന തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കെ-ടെറ്റിന് തുല്യമായ മറ്റ് പരീക്ഷകൾക്കെല്ലാം പാസ് മാർക്ക് 50 ശതമാനം മതി എന്നിരിക്കെ കെ-ടെറ്റിന് മാത്രം 60 ശതമാനം എന്നുള്ളതിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | പരീക്ഷ സംബന്ധമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് NCTE ആണ്. സംസ്ഥാന സർക്കാരിന് അതിൽ മാറ്റം വരുത്തുന്നതിന് സാധിക്കുകയില്ല. |
| (സി) | 2016ന് മുൻപ് സർവ്വീസിൽ കയറിയ അദ്ധ്യാപകരെ കെ-ടെറ്റിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | എയ്ഡഡ് സ്കൂളുകളിൽ 31.03.2012 ന ശേഷം നടത്തിയ നിയമനങ്ങൾക്ക് കെ-ടെറ്റ് ബാധകമാക്കിയിട്ടുണ്ട് . സർക്കാർ സ്കൂളുകളിൽ നിയമിതരായവർക്ക് 30.08.2016 ലെ സ.ഉ.(പി) നം.145/2016/പൊ.വി.വ പ്രകാരം, 2016 ന ശേഷം കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. നിലവിലെ വ്യവസ്ഥ പ്രകാരം 29.07.2011 ന് മുൻപ് പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ പ്രവേശിച്ച അധ്യാപകരെ കെ-ടെറ്റ് യോഗ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ